കേരള സർക്കാർ

# ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി10)1861/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 26.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി10)1861/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 26.09.2017

# എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം അവശേഷിക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.07.017 മുതൽ 22.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | മൈക്കിൾ കെ.എ., ഓഡിറ്റ് ഓഫീസർ |
| | ശ്രീജിത് സി.ഡി.,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | കവിത.എസ്.കണ്ണൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനം / തസ്തിക | | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| പ്രസിഡണ്ട് | | സോണി ചീക്കു | 01.04.2016 | 31.03.2017 |
| വൈസ് പ്രസിഡണ്ട് | | രാജു സി.കെ. | 01.04.2016 | 31.03.2017 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | വികസന കാര്യം | ലിസി വാര്യത്ത് | 01.04.2016 | 31.03.2017 |
| | ക്ഷേമകാര്യം | പോൾ ജോസഫ് | 01.04.2016 | 31.03.2017 |
| | ആരോഗ്യം / വിദ്യാഭ്യാസം | ഷീബ കെ.പി. | 01.04.2016 | 31.03.2017 |
| സെക്രട്ടറി | | ജയരാജ് പി.എം. | 01.04.2016 | 11.01.2017 |
| | | മല്ലിക.വി.ആർ., അസിസ്റ്റന്റ് സെക്രട്ടറി (ചുമതല) | 12.01.2017 | 20.01.2017 |
| | | കെ.എച്ച്.റൂബിന,അസിസ്റ്റന്റ് സെക്രട്ടറി (ചുമതല) | 21.01.2017 | 05.02.2017 |
| | | സാജൻ എം.ആർ. | 06.02.2017 | 31.03.2017 |

(സി)നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ബിന്ദു പ്രസാദ് എസ്. | 01.04.16 | 31.03.17 |
| അസിസ്റ്റന്റ് സെക്രട്ടറി | വി.ആർ.മല്ലിക | 01-04-16 | 23-01-17 |
| | കെ.എച്ച്.റൂബിന, | 24-01-17 | 28.02.17 |
| | മീന മാത്യൂ | 01-03-17 | 31-03-17 |
| കൃഷി ഓഫീസർ | പുഷ്യ രാജൻ | 01-04-16 | 31-03-17 |
| വെറ്ററിനറി സർജൻ | ഷെറി മാത്യൂ | 01-04-16 | 31-03-17 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. ഷെർളി ജോർജ്ജ് | 01-04-16 | 26-06-16 |
| | ഡോ.ശ്രീരേഖ വി.എസ്. | 27-06-16 | 31-03-17 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ ആശുപത്രി | ഡോ.ബീന പ്രദീപ് | 01.04.16 | 31-03-17 |
| മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | ഡോ.നഫിയ ഐ.കെ. | 01-04-16 | 31-03-17 |
| ഹെഡ് മിസ്ട്രസ്സ്, ഗവ:എൽപി.എസ്. | ബീന ടി.കെ. | 01-04-16 | 31-03-17 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജൂഡി എ.ജെ. | 01-04-16 | 31-03-17 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | പ്രിയ ജോസഫ് | 01-04-16 | 31-03-17 |

| | | | |
|---|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | നിത എ.ആർ. | 01-04-16 | 31-03-17 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | പ്രഗത് വി. പ്രഭാകരൻ | 01-04-16 | 31-03-17 |
| ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | സ്മിത പി.ജി. | 01-04-16 | 31-03-17 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധധനാ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാവുന്നില്ല. | 1-12 |
| | ഭാഗം - 2 | |
| 13 | വസ്തു നികുതി അസസ് ചെയ്തതിൽ കിറവ് | 2-1 |
| 14 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-2 |
| 15 | റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ് | 2-3 |
| 16 | ചേരാനല്ലൂർ-മഞ്ഞുമ്മൽ കടത്ത്-ലേലത്തുക ഈടാക്കിയിട്ടില്ല | 2-4 |
| 17 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| 18 | പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്വകാര്യ മാർക്കറ്റ് പ്രവർത്തിക്കുന്നു. | 2-6 |
| 19 | പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല | 2-7 |
| 20 | ചെമ്മീൻകെട്ട് ലേലം നടത്തിയില്ല – പഞ്ചായത്തിന് നഷ്ടം | 2-8 |
| | ഭാഗം - 3 | |
| 21 | മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾക്ക് അധിക നിരക്കിൽ വേതനം നൽകി | 3-1 |

| | | |
|---|---|---|
| 22 | മഴക്കാലപൂർവ ശുചീകരണം-കൂലി നൽകിയതിലെ അപാകത സംബന്ധിച്ച് | 3-2 |
| 23 | വക്കീൽ ഫീസ് നൽകിയതിൽ ആദായനികുതി കുറവ് ചെയ്തില്ല | 3-3 |
| 24 | ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ. | 3-4 |
| 25 | ടെണ്ടർ കുറവ് ഈടാക്കാതെ ഫൈനൽ ബിൽ നൽകി- 4338രൂ.നഷ്ടം | 3-5 |
| 26 | ഇ-ടെണ്ടർ -ടെണ്ടർ ഫീ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല | 3-6 |
| 27 | ആയുർവേദ ഡിസ്പെൻസറി കെട്ടിടം ശോചനീയാവസ്ഥയിൽ | 3-7 |
| 28 | ആസ്തി രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ ഭൂമി അന്യാധീനപ്പെടുന്നു | 3-8 |
| 29 | ക്വോട്ട് ചെയ്ത തുകയേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു | 3-9 |
| | ഭാഗം - 4 | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സാക്ഷ്യപത്രം - 2016-17 | അനുബന്ധം.1 |
| 40 | ബാലൻസ് ഷീറ്റ് - 2016-17 | അനുബന്ധം.2 |
| 41 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17 | അനുബന്ധം.3 |
| 42 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17 | അനുബന്ധം.4 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിവിധ കാരണങ്ങളാൽ ലഭിക്കാത്തവരുടെ വിവരങ്ങൾ | അനുബന്ധം.5 എ, ബി, സി |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 26.03.2017ൽ ചേർന്ന പ്രത്യേക കമ്മിറ്റി യോഗം അംഗീകരിച്ചു. ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ ചെറിയ അന്തരമുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു..

| | ബജറ്റ് പ്രകാരം | വാർഷികകണക്കുകൾ പ്രകാരം |
|---|---|---|
| വരവ് | 6,22,51,500.00 | 5,32,22,522.00 |
| ചെലവ് | 6,93,94,160.00 | 4,23,36,506.00 |

(സാമൂഹ്യ സുരക്ഷാ പെൻഷന് ഡി.ബി.ടി. സെൽ വഴി നൽകിയ 4.06 കോടി രൂപയുടെ തൊഴിലുറപ്പ് പദ്ധതിക്ക് ഇ.എഫ്.എം.എസ്. ആയി നൽകിയ 46.58 ലക്ഷം രൂപയും ബജറ്റിലും വാർഷികക്കണക്കിലും ഉൾപ്പെടുന്നില്ല.)

# 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 05-07-2017 |

.

# 1-3 വാർഷിക ധനകാര്യ പത്രിക പരിശോധനാ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 18-07-2017 |

വാർഷിക കണക്കുകളിൽ കാര്യമായ ന്യൂനതകളില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,19,89,221 |
| വരവ് | 5,32,22,522 |
| ആകെ | 7,52,11,743 |
| ചെലവ് | 4,23,36,506 |
| നീക്കിയിരിപ്പ് | 3,28,75,237 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5655414 | 5655414 | 5655414 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1418846 | 1418846 | 1418846 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 1664125 | 1664125 | 1664125 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 494447 | 494447 | 494447 | 0 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4134613 | 4134613 | 4134613 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1616403 | 1616403 | 1616403 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2399 | 4657553 | 4659952 | 4658755 | 1197 |
| ബി ഫണ്ട് | 0 | 40744105 | 40744105 | 40744105 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 46005980 | 83 | 22272111 | 22 | 47 | 64% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 11375758 | 12913856 | 1538098 | 13.52% |
| നികുതിയേതര വരവുകൾ | 6056337 | 8249110 | 2192773 | 36.29% |
| മറ്റുവരവുകൾ | 323044 | 676671 | 353627 | 109.47% |
| ആകെ | 17755139 | 21839637 | 4084498 | 23.00% |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 21840 | 13 |
| കർഷകത്തൊഴിലാളി പെൻഷൻ | 2031170 | 215 |
| വിധവാപെൻഷൻ | 10168260 | 964 |
| വാർദ്ധക്യകാലപെൻഷൻ | 25824090 | 2228 |
| വികലാംഗപെൻഷൻ | 1977105 | 217 |
| 50വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 631640 | 55 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 90000 | 3 |
| ആകെ | 40744105 | |

# 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് മീറ്റിംഗ് കൂടുന്നില്ല. ഡിമാന്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

# 1-10 ക്യാഷ് വെരിഫിക്കേഷൻ

2016-17 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.07.2017ൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31744/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി/നമ്പർ |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-06-17മുതൽ 21-06-17 വരെ | 05/2017 | പി.എ.2-7612/17 തീയതി 12-06-17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-07-11 | 2006-07മുതൽ 2010-11 വരെ | 20-07-2011 |

# 1-12 സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ നടപ്പാവുന്നില്ല.

പഞ്ചായത്തിലെ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ പല നല്ല തീരുമാനങ്ങളും എടുക്കുന്നുണ്ടെങ്കിലും അവയിൽ പലതും നടപ്പിലാവുന്നില്ല. 21.10.2016ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഡേ-കെയറുകളെ പറ്റി വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് നൽകുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നടപ്പിലായില്ല. ഇതേ ദിവസത്തെ കമ്മിറ്റി പഞ്ചായത്തിലെ സ്പെഷ്യൽ സ്കൂൾ , അനാഥാലയങ്ങൾ എന്നിവടങ്ങളിൽ സന്ദർശനം നടത്താനും തീരുമാനിച്ചെങ്കിലും ഇതുവരെ അത്തരം

സന്ദർശനം നടത്തിയിട്ടില്ല. 25.11.2016 ലെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കാത്ത സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കാൻ തീരുമാനിച്ചെങ്കിലും ഇതുവരെ ഒരൊറ്റ ഗ്രാമകേന്ദ്രത്തിന്റെയും പണി തുടങ്ങാൻ പോലും സാധിച്ചിട്ടില്ല. പഞ്ചായത്തിലൂടെ കടന്നുപോകുന്ന ദേശീയ പാതയുടെയും കണ്ടെയിനർ റോഡിന്റെയും വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതും സ്വകാര്യ വ്യക്തികളുടെ വസ്തുവകകളിൽ സ്ഥാപിച്ചിട്ടുള്ളതുമായ പരസ്യ ഹോർഡിംഗുകൾക്ക് പെർമിറ്റ് ഈടാക്കണമെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചെങ്കിലും ആയത് ഇതുവരെ നടപ്പിലായിട്ടില്ല. പഞ്ചായത്തിലെ സ്വകാര്യ മാർക്കറ്റായ എക്സൽ മാർക്കറ്റിൽ നിന്ന് നികുതിയും ലൈസൻസും ഈടാക്കണമെന്ന തീരുമാനവും ഇതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിന് ഉപയോഗപ്രദങ്ങളായ തീരുമാനങ്ങളായിരുന്നു മേൽ സൂചിപ്പിച്ചവയെല്ലാം. എന്നാൽ ജീവനക്കാരെ ഉപയോഗിച്ച് ആയത് നടപ്പിലാക്കാനാവുന്നില്ല എന്നത് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനത്തിലെ പോരായ്മയായി കണക്കാക്കുന്നു.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി അസസ് ചെയ്തതിലുള്ള അപാകത സംബന്ധിച്ച്

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച പഞ്ചായത്തിന്റെ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയ്ക്കും 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റുകൾക്കും ച.മീറ്ററിന് 50 രൂപ നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗക്രമമനുസരിച്ചല്ല നികുതി അസസ് ചെയ്തിരിക്കുന്നത്. (ക്രമ നമ്പർ 1 ന്റെ വിശദ വിവരം താഴെ ചേർത്തിടിട്ടുണ്ട്.

| ക്രമ നം. | വാർഡ്.നം, കെട്ടിട.നം, അസസ്മെന്റ് തരം തീയതി. | ഉടമസ്ഥന്റെ പേര് | ഉപയോഗം | തറ വിസ്തീർണം m2 | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | രസീത് നമ്പർ | തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | 17/223 B (പുതിയത്) On basis of plinth area. Assessed w.e.f 1.10.2013 | തോമസ്.J ചെറുകര, Kairali Fords | ഷോപ്പ്/ ഗോഡൗൺ (D&O ലൈസൻസ് നം- 335/ 16-17) | 2285.17 | 165678 (*) | 132540 (*) | 1150 8500 044 | 27.12.16 | 33135 |
| 2 | 17/394 A (പുതിയത്) On basis of plinth area. Assessed w.e.f 1.4.2016 | ജോർജ് വാളേപ്പിള്ളി Yes Mart | സൂപ്പർ മാർക്കറ്റ് D&O ലൈസൻസ് നം-334/ 16-17 | 63.65 | 3183 | 1910(@ Rs.30/-) | 1160 8102 257 | 18.6.16 | 1273 |

(*) കെട്ടിട നമ്പർ 17/223Bയുടെ വിശദ വിവരം

| | തറ വിസ്തീർണ്ണം | നികുതി നിരക്ക് | തുക | വർദ്ധനവ് | | | ആകെ |
|---|---|---|---|---|---|---|---|
| | | | | വഴി 20% | തറ 15% | AC 10% | |
| ഈടാക്കേണ്ടത് | 2285.17m2 | രൂ. 50/m2 | 114258 | 22852 | 17139 | 11429 | 165678 |
| ഈടാക്കിയത് | 2285.17m2 | രൂ. 40/m2 | 91407 | 18281 | 13711 | 9141 | 132540 |

2016-17 വർഷം കെട്ടിട നികുതിയിൽ കുറവ് വന്ന 34408 രൂപയും ഈ കെട്ടിടങ്ങൾക്ക് നികുതി അസസ്സ് ചെയ്ത അർദ്ധ വർഷം മുതൽ മേൽപ്പറഞ്ഞ പ്രകാരമുള്ള നികുതി ബാധകമാക്കി ആയതിന്റെ കുടിശ്ശികയും കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

2011ലെ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങളിലെ ചട്ടം 11(3) പട്ടിക 2 പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5/- രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7/- രൂപ നിരക്കിലും പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ അവയേക്കാൾ കുറഞ്ഞ നിരക്കിലാണ് താഴെപ്പറയുന്ന അപേക്ഷകരിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നത്. കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ സ്വഭാവം | പെർമിറ്റ് നമ്പർ, തീയതി | തറ വിസ്തീർണം m2 | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | രസീത് നമ്പർ | തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | മുഹമ്മദ് മുനീർ കണ്ടമംഗലത്ത് വീട് ഇടപ്പള്ളി | പാർപ്പിടം | C4 8041/16 10.03.17 | 295.70 | 1479 | 370 | 11608 108845 | 07.03.17 | 1109 |
| 2 | കെ.എ.അജിത് കറുകപ്പാടത്ത് വെണ്ണല | വാണിജ്യ ആവശ്യം | C4 8871/16 23.03.17 | 155.90 | 1091 | 780 | 11608 109415 | 22.03.17 | 311 |
| 3 | ഇ.പി.ജോർജ് പാവ്വൂസ് പ്രൊപ്പർട്ടീസ് | വാണിജ്യ ആവശ്യം | C4 5133/16 24.10.16 | 500.00 | 3500 | 3115 | 11608 103137 | 27.07.16 | 385 |
| | ആകെ | | | | | | | | 1805 |

മേൽപ്പറഞ്ഞ പ്രകാരം പെർമിറ്റ് ഫീസിനത്തിൽ കുറവ് വന്ന 1805/- രൂപ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-3 റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങൾ 2011 (Rule 137(4) പ്രകാരം കെട്ടിടനിർമാണം ക്രമവൽക്കരിക്കുന്നതിന് പെർമിറ്റ് ഫീസിന്റെ ഇരട്ടി തുക ഈടാക്കേണ്ടതാണ്. അതനുസരിച്ച് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 10/-രൂപ നിരക്കിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതരശ്ര മീറ്ററിന് 14/- രൂപ നിരക്കിലുമാണ് റഗുലറൈസേഷൻ ഫീ ഈടാക്കേണ്ടത്. എന്നാൽ താഴെ പറയുന്ന അപേക്ഷകരിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

വന്നിട്ടുണ്ട്.

| ക്രമ നം. | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ സ്വഭാവം | പെർമിറ്റ് നമ്പർ, തീയതി | തറ വിസ്തീർണം m2 | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | രശീതി നമ്പർ | തീയതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1 | ആന്റണിഎ.കെ. അഴീക്കകത്ത് | പാർപ്പിടം | C4 5846/16 29.8.16 | 228.63 | 2286 | 1144 | 116081 03880 | 29.08.16 | 1142 |
| 2 | ഇന്ദിരശിവൻ പടിഞ്ഞാറെ കടപ്പറമ്പിൽ, ചിറ്റൂർ | വാണിജ്യ ആവശ്യം | C4 5318/16 29.9.16 | 148.35 | 2077 | 1043 | 116081 04278 | 23.09.16 | 1034 |
| 3 | സ്മിത ജോണി | വാണിജ്യ ആവശ്യം | C4 3736/16 24.6.16 | 48.90 | 685 | 245 | 116081 02123 | 14.06.16 | 440 |
| 4 | ജോസഫ് പി.എ. പൂവങ്കേരി ചേരാനല്ലൂർ | പാർപ്പിടം | C4 917/17 13.2.17 | 145.86 | 1459 | 730 | 116081 08931 | 09.03.17 | 729 |
| 5 | അബ്ദുൾ ഹമീദ് ടി.എ. താമരശേരി കൊച്ചി | പാർപ്പിടം | C4 8301/16 22.11.16 | 234.41 | 2344 | 460 | 116081 06870 | 24.12.16 | 1884 |
| | ആകെ | | | | | | | | 5229 |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13) മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ പ്രകാരം റഗുലറൈസേഷൻ ഫീസിനത്തിൽ കുറവ് വന്ന 5229 രൂപ കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

.

## 2-4 ചേരാനല്ലൂർ - മഞ്ഞുമ്മൽ കടത്ത് - ലേലത്തുക ഈടാക്കിയിട്ടില്ല

2015-16 വർഷം ചേരാനല്ലൂർ മഞ്ഞുമ്മൽ കടത്ത് നടത്തിയത് ഷൺമുഖൻ പി.എ., പരപ്പത്ത് വീട്, മഞ്ഞുമ്മൽ എന്ന വ്യക്തിയാണ്. ലേല രജിസ്റ്റർ പരിശോധിച്ചതിൽ ലേലത്തുക എത്രയെന്നോ കരാറുകാരൻ ലേലത്തുക അടവാക്കിയതായോ കാണുന്നില്ല. പഞ്ചായത്തിന്റെ അനുമതിയില്ലാതെയും ഡെപ്പോസിറ്റ് തുക അടക്കാതെയുമാണ് അദ്ദേഹം കടത്ത് നടത്തിയത്. ഇതേ കടത്ത് 2014-15 വർഷം ഷൺമുഖൻ പി.എ. ഏറ്റെടുത്തിരുന്നത് 12000/- രൂപയ്ക്കാണ്. അതനുസരിച്ച് 2015-16 ലെ ലേലത്തുക 12000/- രൂപയായി കണക്കാക്കാനും 2014-15ലെ ഡെപ്പോസിറ്റിനത്തിൽ രസീത് നമ്പർ 11301108309 തീയതി 21-02-2014 പ്രകാരം അദ്ദേഹം അടവാക്കിയ 10,000/- രൂപ 2015-16ലെ ലേലത്തുകയിലേക്ക് വരവ് വച്ച് അവശേഷിക്കുന്ന 2000/- രൂപ അദ്ദേഹത്തിൽ നിന്ന്

ഈടാക്കുവാനും 19.8.2016 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി (തീരുമാനം നമ്പർ- 38) തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് പി.എ.ഷൺമുഖനിൽ നിന്നും 2000/- രൂപ ഇതുവരെ ഈടാക്കിയിട്ടില്ല. മാത്രമല്ല 2014-15 വർഷം ഡെപ്പോസിറ്റ് ഹെഡിൽ അക്കൗണ്ട് ചെയ്ത 10,000/- രൂപ 2016-17 വർഷം ലേലത്തുകയായി വകമാറ്റിയിട്ടുമില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 17-07-2017ൽ നൽകിയ 4-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലേലത്തുകയിനത്തിൽ ലഭിക്കാനുള്ള 2000/- രൂപ പി.എ.ഷൺമുഖനിൽ നിന്നും ഈടാക്കേണ്ടതും 2014-15 വർഷത്തെ ഡെപ്പോസിറ്റ് തുക ലേലത്തുക വകമാറ്റേണ്ടതുമാണ്.

.

## 2-5 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1),(2),(3) പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17വർഷം പഞ്ചായത്തിൽ വിവിധ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12) മറുപടി നൽകിയില്ല.

1.ഇ.വി.പോളി,ഈരാളി വീട്,ഉറവൂർ,അങ്കമാലി
2.കെ.ജെ.ലൂയിസ്,കളത്തിപ്പറമ്പിൽ വീട്,ചിറ്റൂർ
3.സലീം സഹദ്,വലിയ വീട്ടിൽ,ചേരാനല്ലൂർ
4.പി.എ.പോൾ,പരേപ്പിള്ളി,ചിറ്റൂർ
5.ടി.കെ.സലാം,തെക്കുംപറമ്പിൽ,ആലങ്ങാട്
6.സി.എക്സ്.ബാബു
7.ബി.പി.സാബു
8.നിഷാദ് ടി.എ.
9.പി.വി.തോമസ്
10.ഉബൈദുള്ള

## 2-6 പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്വകാര്യ മാർക്കറ്റ് പ്രവർത്തിക്കുന്നു.

ചേരാനല്ലൂർ പഞ്ചായത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ വിഷ്ണുപുരത്ത് എക്സൽ എന്ന പേരുള്ള ഒരു സ്വകാര്യ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 222 (1) പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് കിട്ടാത്ത പക്ഷം ഒരു വ്യക്തിക്കും സ്വകാര്യ മാർക്കറ്റ് തുറക്കാനോ നടത്താനോ അവകാശമില്ല. കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടം 9(4) പ്രകാരം സ്വകാര്യ മാർക്കറ്റിന് ലൈസൻസ് അനുവദിക്കുന്നതിന് മുൻപ് ആ സംഗതിയിൽ പൊതുജനത്തിന് ആക്ഷേപം ഉണ്ടെങ്കിൽ ആയത് രേഖാമൂലം ഉന്നയിക്കാൻ അവസരം നൽകേണ്ടതാണ്. മേൽ രണ്ട് നിയമങ്ങളും ലംഘിച്ച് കൊണ്ടാണ് പ്രസ്തുത മാർക്കറ്റ് പ്രവർത്തിക്കുന്നത്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടിക്കാട്ടിയിരുന്നെങ്കിലും ഇതു വരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 224 പ്രകാരം വിൽപ്പന നിരോധിക്കുകയോ റെഗുലറൈസ്

ചെയ്യുകയോ ചെയ്തിട്ടില്ല. മാർക്കററിലെ കെട്ടിടങ്ങളുടെ വസ്തു നികുതി, തൊഴിൽ നികുതി, ഡി&ഒ ലൈസൻസ്, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 222 (4) പ്രകാരമുള്ള ലൈസൻസ് ഫീ തുടങ്ങി ധാരാളം ഇനങ്ങളിൽ വരുമാനം പഞ്ചായത്തിന് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. മാർക്കറ്റിലെ വിൽപ്പന നിരോധിക്കുകയോ മാർക്കറ്റ് നിയമാനുസൃതം അനുവദിക്കാവുന്നതാണെങ്കിൽ റെഗുലറൈസ് ചെയ്ത് മേൽ സൂചിപ്പിച്ച വരവുകൾ കുടിശ്ശിക സഹിതം ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 2-7 പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.

ദേശീയ പാത, കണ്ടെയ്നർ റോഡ് എന്നിവയുടെ സാന്നിദ്ധ്യം പഞ്ചായത്തിന് പല അധിക വരുമാനസാദ്ധ്യതകളും ഉണ്ടാക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പരസ്യ നികുതി വരുമാനം 1,42,000 രൂപയാണ്. ഇതിനേക്കാളും ദേശീയ പാതയുടെ ദൈർഘ്യം കുറഞ്ഞ ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ 2016-17 ൽ പരസ്യ നികുതി ഇനത്തിൽ ലഭിച്ചത് 8,22,228/- രൂപയാണ്. ഒട്ടനവധി പരസ്യ ഹോർഡിംഗുകൾ പഞ്ചായത്ത് പരിധിയിൽ കാണാൻ കഴിയുന്നുണ്ട്. പരസ്യ നികുതി വരുമാനം തൃപ്തികരമല്ലെങ്കിൽ ആയത് നേരിട്ട് പിരിച്ചെടുക്കാൻ വേണ്ട ബൈലോ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ) ചട്ടങ്ങൾ പ്രകാരം തയ്യാറാക്കാൻ ശ്രമിക്കാവുന്നതാണ്.

ദേശീയ പാതയുടെയും കണ്ടെയ്നർ റോഡിന്റെയും അരികിലുള്ളതും സ്വകാര്യ വ്യക്തികളുടെ പറമ്പിലുള്ളതുമായ കൂറ്റൻ പരസ്യ ഹോർഡിംഗുകൾക്ക് പെർമിറ്റ് ഫീ, വസ്തു നികുതി എന്നിവ ഈടാക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 34(2) ലെ കുറിപ്പ് ( 1) പ്രകാരം പ്രസ്തുത ആക്ടിലെ രണ്ടാം ഉപചട്ടത്തിന് കീഴിലുള്ള ഗണങ്ങളിൽ കൃത്യമായിപ്പെടാത്ത ഏതെങ്കിലും ഒരു കെട്ടിടം അതിന്റെ ഉപയോഗത്തിനോട് ഏറ്റവും സാമ്യമുള്ള വിനിയോഗ ഗണത്തിൽ ഉൾപെടുത്താവുന്നതാണ്. കൂടാതെ വിമൽ അറയ്ക്കൽ Vs കോർപ്പറേഷൻ ഓഫ് കൊച്ചിൻ എന്ന ( 2004 ( 3) KLT 625 ) എന്ന കേസിൽ സ്വകാര്യ ഭൂമിയിൽ സ്ഥാപിക്കുന്ന ഹോർഡിംഗുകൾ കെട്ടിട ചട്ടത്തിന് കീഴിലുള്ള കെട്ടിടത്തിന്റെ നിർവചനത്തിൽ വരുന്നുണ്ട് എന്നും കാണുന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് വൻവരുമാന സാദ്ധ്യത കാണുന്നു.

രാജീവ് ഗാന്ധി കൺടെയ്നർ ടെർമിനലേക്ക് വരുന്നതും പോകുന്നതുമായ കണ്ടെയ്നറുകൾ സൂക്ഷിക്കുന്ന ധാരാളം ഓപ്പൺ സ്ഥലങ്ങൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണുന്നു. നിലവിൽ ഇത്തരമൊരു സ്ഥാപനത്തിന് യാതൊരു ലൈസൻസും എടുക്കേണ്ടതില്ല. ആയതിനാൽ തന്നെ ഇതിന്മേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഇല്ല. 1995ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കസ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹനസ്റ്റാൻഡുകൾ) ചട്ടങ്ങളിൽ കണ്ടെയിനർ ഉൾപ്പെടുത്തുകയോ മറ്റേതെങ്കിലും ചട്ടം രൂപീകരിക്കുകയോ ചെയ്താൽ ഈ ഇനത്തിൽ നല്ലൊരു വരുമാനസാദ്ധ്യത പഞ്ചായത്തിന് കാണുന്നുണ്ട്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

## 2-8 ചെമ്മീൻകെട്ട് ലേലം നടത്തിയില്ല-പഞ്ചായത്തിന് നഷ്ടം

12-ാം വാർഡിലെ കുട്ടി സാഹിബ് റോഡിനും മെഡിസിറ്റിക്കും സമീപത്തായി ഏകദേശം 1.25 ഏക്കർ വരുന്ന പഞ്ചായത്തിന്റെ പൊക്കാളിപ്പാടത്ത് ജസ്റ്റിൻ കോളരിക്കൽ, ചിറ്റൂർ എന്നയാളും അദ്ദേഹത്തിന്റെ പിതാവ് ഐപ്പ് അഗസ്റ്റിൻ, സഹോദരൻ, മറ്റ്

സഹായികൾ എന്നിവർ ചേർന്ന് ചെമ്മീൻ കൃഷിയും നെൽക്കൃഷിയും മാറി മാറി നടത്തിയിരുന്നതായും എന്നാൽ കുറെ വർഷങ്ങളായി പഞ്ചായത്തിന്റെ അനുമതിയില്ലാതെ മറ്റൊരു സ്വകാര്യവ്യക്തി ഈ സ്ഥലം അന്യായമായി കൈവശം വച്ച് ചെമ്മീൻ കൃഷി നടത്തുന്നതായും ആയതിനാൽ ഈ സ്ഥലം നിയമാനുസൃതം ലേലം ചെയ്ത് നൽകണമെന്നാവശ്യപ്പെട്ട് അഡ്വ.എം.ആർ.സേവ്യർ മുഖേന ജസ്റ്റിൻ പഞ്ചായത്തിന് വക്കീൽ നോട്ടീസ് അയച്ചത് സംബന്ധിച്ച് 26.10.2016ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും അഡ്വ.ടി.കെ.അജിത് കുമാറിന്റെ നിയമോപദേശപ്രകാരം 2ാം നമ്പർ തീരുമാന പ്രകാരം ചെമ്മീൻ കെട്ട് പൊതുലേലം ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികൾ ഒന്നും തന്നെ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾക്ക് അധിക നിരക്കിൽ വേതനം നൽകി

തദ്ദേശസ്ഥാപനങ്ങളിൽ ദിവസ/കരാർ വേതനത്തിൽ നിയമിതരായ തൊഴിലാളികളുടെ വേതനം ധന വകുപ്പിന്റെ 26.2.16 ലെ സർക്കാർ ഉത്തരവ് (പി.) നമ്പർ 28/16 പ്രകാരം വർദ്ധിപ്പിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.7.16 ലെ ജി.ഒ.(പി.) നമ്പർ 2242/16 ഉത്തരവ് മുഖേന മുനിസിപ്പൽ/കോർപ്പറേഷൻ CLR കണ്ടിജന്റ് തൊഴിലാളികൾക്കും ഈ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ചേരാനല്ലൂർ പഞ്ചായത്തിൽ മാലിന്യനിർമാർജനത്തിന്റെ ഭാഗമായി SOR 2012 ലെ മസ്ദൂർ നിരക്കായ 377 രൂപ ദിവസവേതനത്തിൽ Waste loading labourers ആയി നിയമിക്കപ്പെട്ട തൊഴിലാളികൾക്കും മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2016 ആഗസ്റ്റ് മാസം മുതൽ 600/-രൂപ നിരക്കിൽ ദിവസവേതനം വർദ്ധിപ്പിച്ച് നൽകിയതായി കാണുന്നു. 2242/16 നം ഉത്തരവ് പുറപ്പെടുവിക്കാൻ ആധാരമായ28/16 നം ഉത്തരവിലെ ഖ.4(iii) പ്രകാരം, ഉത്തരവിനോടൊപ്പമുള്ള Annexure ലെ കോളം 1 ൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് മാത്രമാണ് വർദ്ധിപ്പിച്ച വേതനത്തിന് അർഹതയുള്ളത്. മറ്റേതെങ്കിലും തൊഴിൽ വിഭാഗത്തെ കോളം 1 ൽ ഉൾപ്പെടുത്തണമെങ്കിൽ ആയതിന് സർക്കാർ അനുമതി ആവശ്യമാണെന്നും ഉത്തരവിലുള്ള നിബന്ധനകളിൽ നിന്നും വ്യതിചലിച്ച് മറ്റേതെങ്കിലും വിഭാഗത്തിന് ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുമെന്നും ഇതേ ഉത്തരവിലെ 4(iv), 4(v) ഖണ്ഡികകളിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ Waste loading labourers ന് വർദ്ധിപ്പിച്ച നിരക്കിൽ വേതനം നൽകിയതുമൂലം താഴെ പറയും പ്രകാരം 1,09,493/-രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്.

| ക്രമ നം. | തൊഴിലാളിയുടെ | മാസം | ദിവസ | കൈപ്പറ്റിയ | വൗച്ചർ നമ്പർ | തീയതി | അർഹ | അധികം നൽ | ആകെ |
|---|---|---|---|---|---|---|---|---|---|

| | പേര് | | ങ്ങ ൾ | തുക(@ രു.600) | | | മായ തുക (@ ₹.377) | കിയ തുക | |
|---|---|---|---|---|---|---|---|---|---|
| 1 | അനിൽ കെ.വി | 08/2016 | 27 | 16200 | 21600478 | 01.09.16 | 10179 | 6021 | 39025 |
| | | 09/2016 | 22 | 13200 | 21600573 | 01.10.16 | 8294 | 4906 | |
| | | 10/2016 | 26 | 15600 | 21600657 | 01.11.16 | 9802 | 5798 | |
| | | 11/2016 | 26 | 15600 | 21600748 | 01.12.17 | 9802 | 5798 | |
| | | 12/2016 | 27 | 16200 | 21600855 | 01.01.17 | 10179 | 6021 | |
| | | 01/2017 | 26 | 15600 | 21600973 | 01.02.17 | 9802 | 5798 | |
| | | 02/2017 | 21 | 12600 | 21601036 | 01.03.17 | 7917 | 4683 | |
| 2 | ബിജു കുമാർ പി.വി | 08/2016 | 27 | 16200 | 21600478 | 01.09.16 | 10179 | 6021 | 38133 |
| | | 09/2016 | 22 | 13200 | 21600573 | 01.10.16 | 8294 | 4906 | |
| | | 10/2016 | 26 | 15600 | 21600657 | 01.11.16 | 9802 | 5798 | |
| | | 11/2016 | 26 | 15600 | 21600748 | 01.12.17 | 9802 | 5798 | |
| | | 12/2016 | 27 | 16200 | 21600855 | 01.01.17 | 10179 | 6021 | |
| | | 01/2017 | 22 | 13200 | 21600973 | 01.02.17 | 8294 | 4906 | |
| | | 02/2017 | 21 | 12600 | 21601036 | 01.03.17 | 7917 | 4683 | |
| 3 | ഇബ്രാ ഹിംകുട്ടി സി.എം | 09/2016 | 16 | 9600 | 21600573 | 01.10.16 | 6032 | 3568 | 32335 |
| | | 10/2016 | 26 | 15600 | 21600657 | 01.11.16 | 9802 | 5798 | |
| | | 11/2016 | 26 | 15600 | 21600748 | 01.12.17 | 9802 | 5798 | |
| | | 12/2016 | 27 | 16200 | 21600855 | 01.01.17 | 10179 | 6021 | |
| | | 01/2017 | 26 | 15600 | 21600973 | 01.02.17 | 9802 | 5798 | |
| | | 02/2017 | 24 | 14400 | 21601036 | 01.03.17 | 9048 | 5352 | |
| ആകെ | | | | | | | | | 109493 |

മേൽപ്പറഞ്ഞ പ്രകാരം വേതനമിനത്തിൽ അധികം നൽകിയ 1,09,493/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 മഴക്കാലപൂർവ ശുചീകരണം-കൂലി നൽകിയതിലെ അപാകത സംബന്ധിച്ച്

പഞ്ചായത്തിലെ 11-ാം വാർഡിൽ നടത്തിയ മഴക്കാല പൂർവശുചീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന നാല് തൊഴിലാളികൾ ഒരേ ദിവസങ്ങളിൽ രണ്ട് വ്യത്യസ്ത പ്രവൃത്തികളിൽ ഏർപ്പെട്ടതിന് കൂലി കൈപ്പറ്റിയതായി കാണുന്നു. (വൗച്ചർ.നം-21600147 തീയതി 28.05.16 രൂ.9802/-) മസ്റ്റർ റോൾ നമ്പർ 19,20 പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| തൊഴിലാളി കളുടെ പേര് | പ്രവൃത്തിയുടെ പേര് | ജോലി ചെയ്ത | തൊഴിൽ ദിനങ്ങൾ | കൂലി നിരക്ക് | കൈപ്പ റ്റിയ | ആകെ കൈപ്പറ്റിയ |
|---|---|---|---|---|---|---|

| | | തീയതി | | | തുക | തുക |
|---|---|---|---|---|---|---|
| ഷാലി<br>എ.ആർ.<br>വിനോദ്<br>ഒ.ജി.<br>വേണു<br>പി.എൽ<br>ബാലകൃഷ്ണൻ<br>എം.ജി. | ചിറ്റൂർ ഫെറി റോഡിൽ കാന ക്ലീനിംഗ്, | 19-05-16<br>20-05-16<br>21-05-16 | 3 | 377 | 1131<br>1131<br>1131<br>1131 | 4524 |
| | ഹരിജൻ റോഡിൽ കാന ക്ലീനിംഗ് | 19-05-16<br>20-05-16<br>21-05-16 | 3 | 377 | 1131<br>1131<br>1131<br>1131 | 4524 |

മേൽപ്പറഞ്ഞ പ്രകാരം ഒരേ തൊഴിലാളികൾ ഒരേ ദിവസം വ്യത്യസ്ത പ്രവൃത്തികളിൽ ഏർപ്പെട്ടതായി കാണിച്ച് കൂലി നൽകിയത് മൂലം അധികം നൽകിയ 4524രൂപയുടെ ചെലവ് നിരാകരിക്കുന്നു.

# 3-3 ആദായനികുതി ഈടാക്കിയിട്ടില്ല

കടമക്കുടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുതിന് അഡ്വ. ടി.കെ.അജിത് കുമാറിന് 2016-17 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 39500 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കേസ് നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | WP(C) 39035/15 | 21600208/09-06-16 | 8500 |
| 2 | WP(C) 4652/14 | 21600498/08-09-16 | 15000 |
| 3 | IA No. 3561/15 in OS 23/15<br>OP No.79/16 | 21600882/11-01-16 | 16000 |

1961 ലെ ആദായനികുതി നിയമം വകുപ്പ് 194 (ജെ) പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ.ടി.കെ.അജിത് കുമാറിന് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 39500 രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 3950 രൂപ ആദായനികുതി പിടിച്ചിട്ടില്ല. നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 3950 രൂപ ഈടാക്കി കേന്ദ്രസർക്കാരിലോക്ക് അടക്കേണ്ടതാണ്.

# 3-4 ക്ഷേമ പെൻഷൻ വിതരണത്തിലെ അപാകതകൾ.

ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ 2016-17 ലെ സാമൂഹ്യ സുരക്ഷ പദ്ധതികളുടെ വിതരണത്തിൽ പഞ്ചായത്തിന്റെ വെൽഫയർ പെൻഷൻ വെബ്സൈറ്റ് പരിശോധിച്ചപ്പോൾ ധാരാളം അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

(1) <u>കുടിശ്ശിക വിതരണം ചെയ്തിട്ടില്ല.</u>

കോ-ഓപ്പറേറ്റീവ് സൊസൈറ്റി വഴി വിതരണം ചെയ്ത2016 ജൂലായ്,ഓഗസ്റ്റ്,സെപ്റ്റംബർ മാസങ്ങളിലെ ഒട്ടനവധി പെൻഷൻ തുകകൾ വിലാസം

തെറ്റെന്നും 'Door Closed' എന്നും സൂചിപ്പിച്ച് തുകനൽകാതിരിയ്ക്കുകയുണ്ടായി. പിന്നീട് തുടർമാസങ്ങളിൽ മേൽ അപാകത തിരുത്തി ആ മാസങ്ങളിലെ പെൻഷൻ തുക നൽകുകയുണ്ടായി. എന്നാൽ അർഹതപ്പെട്ട മുകളിൽ സൂചിപ്പിച്ച കുടിശ്ശിക തുക നാളിത് വരെ നൽകിയതായി കാണുന്നില്ല. ഇത്തരത്തിൽ 112 പെൻഷൻകാർക്കായി 8,75,900/- രൂപ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം 5(എ)യിൽ ചേർക്കുന്നു. ബാങ്ക് വഴി പെൻഷൻ വിതരണം ചെയ്യു ചില പെൻഷൻകാർക്ക് അക്കൗണ്ട് നമ്പർ തെറ്റിയതിനാൽ ചില മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടില്ല. അപാകത തിരുത്തി തുടർന്ന് പെൻഷൻ വിതരണം നടത്തിയെങ്കിലും മേൽ സൂചിപ്പിച്ച നൽകാത്ത മാസങ്ങളിലെ പെൻഷൻ ഇതുവരെ നൽകിയിട്ടില്ല. ഇത്തരത്തിൽ 4 പെൻഷൻകാർക്ക് 33,600/- രൂപ നൽകാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം 5(ബി) യിൽ ചേർക്കുന്നു.

(2) <u>മരണപ്പെട്ട പെൻഷൻകാരെ ലിസ്റ്റിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടില്ല.</u>

മരണപ്പെട്ടതായി കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും റിപ്പോർട്ട് ചെയ്ത പല പെൻഷൻകാർക്കും പിന്നീട് പെൻഷൻ തുക വന്നതായി കാണുന്നു. ഇവരെ ലിസ്റ്റിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുമില്ല. എന്നാൽ അഫിഡവിറ്റ് സമർപ്പിച്ചില്ല, ആധാർ ലിങ്ക് ചെയ്തിട്ടില്ല തുടങ്ങിയ കാരണങ്ങൾ പറഞ്ഞ് തടഞ്ഞ് വച്ചിരിക്കുന്നതായാണ് കാണുന്നത്. ഇത്തരത്തിൽ ഉള്ള പെൻഷൻകാരുടെ വിശദാംശങ്ങൾ അനുബന്ധം 5(സി)യിൽ ചേർത്തിട്ടുണ്ട്. മേൽ പെൻഷൻകാരുടെ നിജസ്ഥിതി അന്വേഷിച്ച് തീരുമാനമെടുക്കേണ്ടതാണ്.

# 3-5 <u>ടെണ്ടർ കുറവ് ഈടാക്കാതെ ഫൈനൽ ബിൽ നൽകി - ₹.4338/- നഷ്ടം</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 124/17 |
| പ്രോജക്റ്റിന്റെ പേര് | മദർ തെരേസ ലെയിൻ മെയിന്റനെൻസ് വാർഡ് 13 |
| അടങ്കൽ | 3,58,000 രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | കെ.ജെ.ലൂയിസ്, കളത്തിപ്പറമ്പിൽ,ചേരാനല്ലൂർ |
| അളവ് പുസ്തകം | 13/AEE/LSGD/EBP/CHR/16-17 |
| ടെണ്ടർ നിരക്ക് | 1% കുറവ് |
| കരാർ നമ്പർ | 11/AEE/LSGD/CHR/16-17 dt.19-01-2017 |

| <u>ചെലവ് വിവരം</u> | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 3,55,369 |
| കുറയ്ക്കുക : വാറ്റ് 4% | 14,215 |
| ക്ഷേമനിധി വിഹിതം 1% | 3,554 |
| ആദായനികുതി | 3,554 |
| ട്രഷറി ബിൽ 20/16-17/31-03-2017 രൂ. 2,96,467<br>ചെക്ക് നമ്പർ 2188023/31-03-2017 രൂ. 58,902 | 3,55,369 |

കരാറുകാരനായ കെ.ജെ.ലൂയിസ് ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളത് 1% കുറഞ്ഞ നിരക്കിലാണ്. മാത്രമല്ല, ഈ പ്രവൃത്തിയുടെ കരാർ തുക 3,54,577 രൂപയാണ്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത് കരാർ തുകയിൽ നിജപ്പെടുത്താതെയും

1% ടെണ്ടർ കുറവ് തുക ഈടാക്കാതെയുമായതിനാൽ താഴെ പറയും പ്രകാരം 4,338 രൂപ കരാറുകാരന് അധികം നൽകാൻ ഇടയായിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 3,55,369 |
| കരാർ തുകയിൽ നിജപ്പെടുത്തിയത് | 3,54,577 |
| കുറയ്ക്കുക : 1% ടെണ്ടർ കുറവ് | 3,546 |
| ചെലവഴിക്കാവുന്ന തുക | 3,51,031 |
| ചെലവഴിച്ചത് | 3,55,369 |
| അധികം നൽകിയത് | 4,338 |

മേൽപ്പറഞ്ഞ പ്രകാരം അധികം ചെലവഴിച്ച 4,338/- രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-6 ഇ-ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സമർപ്പിക്കുന്നവരിൽ നിന്നും ഓൺ ലൈനായി ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ സ്വീകരിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പെരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28-09-2013 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.318/13 പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഓൺലൈൻ ഇടപാടുകൾക്കായി തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ വിവരവും ഈ അക്കൗണ്ട് മുഖേന 2016-17വർഷം സ്വീകരിച്ച ടെണ്ടർ ഫീ വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപ്രകാരം ലഭിച്ച ടെണ്ടർ ഫീ വില ഗ്രാമപഞ്ചായത്തിലേക്ക് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടകൾ സ്വീകരിക്കേണ്ടതാണ്.

# 3-7 ആയുർവേദ ഡിസ്പെൻസറി കെട്ടിടം ശോചനീയാവസ്ഥയിൽ

പഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ആയുർവേദ ഡിസ്പെൻസറിയുടെ ഇപ്പോഴത്തെ അവസ്ഥ ശോചനീയമാണെന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി. വളരെ പഴക്കം ചെന്ന ഈ കെട്ടിടത്തിന്റെ സീലിംഗ് പൊളിഞ്ഞ നിലയിലും മഴക്കാലത്ത് ചോർന്നൊലിക്കുന്നതായും ഇലക്ട്രിക്കൽ വയറുകളും സ്വിച്ചുകളും വെള്ളം കയറുന്നനിലയിലും കാണാൻ കഴിഞ്ഞു. ജനൽചില്ലുകൾ തകർന്ന നിലയിലാണ്. ശരിയായ രീതിയിൽ മരുന്ന് സൂക്ഷിക്കാൻ പോലും നിലവിൽ സൗകര്യം ഇല്ല. 10.05.2017 ലെ അസി.എഞ്ചിനീയറുടെ റിപ്പോർട്ടിൽ കെട്ടിടം വളരെ പഴക്കം ചെന്നതാണെന്നും യാതൊരു വിധത്തിലുള്ള കൂട്ടിച്ചേർക്കലുകൾക്കും പറ്റിയ അവസ്ഥയിലല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 168 പ്രകാരം പഞ്ചായത്തിന് പൊതുവായ ഡിസ്പെൻസറികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യാവുന്നതാണ്. ആയത് പ്രകാരം ആയുർവേദ ആശുപത്രിയ്ക്ക് പുതിയ കെട്ടിടം പണിയാനുള്ള നടപടി സ്വീകരിക്കുന്നത് പൊതുജനോപകാരപ്രദമാകും എന്ന് കാണുന്നു. പഞ്ചായത്ത് ഫണ്ടിനോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ, എം.പി എന്നിവരുടെ ഫണ്ടുകൾ കൂടി ലഭ്യമാക്കാൻ സാധിക്കുകയാണെങ്കിൽ ആയത് വേഗം പൂർത്തിയാക്കാൻ കഴിയും. അതുവരെ ഡിസ്പെൻസറിയുടെ പ്രവർത്തനം തടസ്സപ്പെടാതിരിക്കാൻ താൽക്കാലിക സംവിധാനം ഒരുക്കിക്കൊടുക്കേണ്ടതും പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. പുതിയ ഡിസ്പെൻസറി പണിയുമ്പോൾ ആയതിന് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ( NRHM ) മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കിയ കേരള

അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസിന്റെ ( KASH ) 11-ാം അദ്ധ്യായത്തിൽ സൂചിപ്പിക്കുന്ന ഇൻഫ്രാസ്ട്രക്ചർ റിക്വയർമെന്റ്സിൽ ഡിസ്പെൻസറിക്ക് ബാധകമായത് ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ആസ്തി രജിസ്റ്റർ കൃത്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ ഭൂമി അന്യാധീനപ്പെടുന്നു

ചേരാനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ 3-ം വാർഡായ തൈക്കാവിൽ നെസ്ലെ എന്ന സ്ഥാപനത്തിന്റെ ഗോഡൗണിന് സമീപമുണ്ടായിരുന്ന പൊതുജനങ്ങൾ ഉപയോഗിച്ചിരുന്ന കിണർ കയ്യേറി കിണർ മൂടി ഒരു ആരാധനാലയം സ്ഥാപിച്ചതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു. ഈ സംഭവത്തെക്കുറിച്ച് പഞ്ചായത്ത് സെക്രട്ടറി അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

(1) പ്രസ്തുത നിർമ്മാണം 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 27, 28 എന്നിവ ലംഘിച്ച് പണിതതാണ്.

(2) ആസ്തി രജിസ്റ്ററിൽ പ്രസ്തുത കിണറിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല എങ്കിലും കേരള പഞ്ചായത്ത് രാജ് സെക്ഷൻ 218 പ്രകാരം ഈ കിണർ പഞ്ചായത്തിന്റെ ആസ്തിയാണ്,

(3) കിണർ നിന്നിരുന്ന സ്ഥലം ഖനനം ചെയ്താൽ കിണർ കാണാൻ കഴിയും.

(4) ചേരാനെല്ലൂർ വില്ലേജ് സർവ്വേ നം.596/27 ൽ പെട്ട 0.4 ച.മീ വിസ്തീർണ്ണമുള്ള മേൽ വസ്തു പഞ്ചായത്ത് കിണർ നിർമ്മിക്കാൻ ലഭിച്ചിട്ടുള്ളതും പഞ്ചായത്ത് ടി സ്ഥലത്ത് പൊതു കിണർ സ്ഥാപിക്കുകയും പൊതുജനങ്ങൾ ദീർഘകാലമായി കുടിവെള്ള സ്രോതസ്സായി ഉപയോഗിച്ചതുമാണ്.

(5) കിണറിന്റെ ഉടമസ്ഥാവകാശം തെളിയിക്കാൻ ആരാധനാലയ ഉടമകൾക്ക് സാധിച്ചിട്ടില്ല.

(6) നിയമ വിരുദ്ധമായി പണിത മേൽ നിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് സെക്ഷൻ 235 പ്രകാരം നിർമ്മാണത്തിന്റെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.

(7) വിഷയം ഇപ്പോൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്.

മേൽ വിഷയത്തിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് രണ്ട് പ്രധാനപ്പെട്ട അപാകതകൾ ഉണ്ടായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 218 പ്രകാരം 1957 ലെ ഭൂസംരക്ഷണ ആക്ട് ഉൾപ്പെടെയുള്ള ഏത് ആക്ടിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് നിലവിൽ വന്ന സമയത്ത് (24-03-1994) നിലവിലുള്ളതോ പുതിയതായി ഉണ്ടാക്കുന്നതോ ആയ പൊതുജനങ്ങൾ ഉപയോഗിക്കുന്ന കിണറുകൾ അടക്കമുള്ള എല്ലാ ജലസംഭരണികളും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ആയതിനാൽ മേൽ കിണറും പഞ്ചായത്തിന്റെ ആസ്തിയാണ്. ആയത് അപ്പോൾ തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

മറ്റൊന്ന് കിണർ നിന്നിരുന്ന സ്ഥലം ആരാധനാലയത്തിന്റെ ആവശ്യത്തിനായി നൽകണമെന്ന് പ്രസ്തുത വാർഡിലെ വാർഡ് മെമ്പർ 28.07.2015 ലെ പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗിൽ ആവശ്യപ്പെടുകയും 4 -ം നമ്പർ തീരുമാന പ്രകാരം തുടർ നടപടികൾ പരിശോധിക്കാൻ തീരുമാനമെടുക്കുകയുമാണ് ചെയ്തത്. മുകളിൽ സൂചിപ്പിച്ച ആക്ട് പ്രകാരം

ആയത് പഞ്ചായത്തിന്റെ ആസ്തിയാണെന്ന് വ്യക്തമാകുകയും പഞ്ചായത്തിന്റെ ആസ്തി ഒരു ഭരണസമിതിയ്ക്കും സർക്കാർ അനുമതിയില്ലാതെ ആർക്കും നൽകാൻ കഴിയില്ലെന്നും സെക്രട്ടറി അപ്പോൾ തന്നെ വ്യക്തമാക്കേണ്ടതായിരുന്നു. കൃത്യമായ മറുപടി നൽകാതിരുന്നതാണ് മേൽ രീതിയിലുള്ള അന്യാധീനപ്പെടലിന് വഴി തെളിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കൃത്യമായ രേഖകൾ ഹാജരാക്കി അന്യാധീനപ്പെട്ട സ്ഥലം തിരിച്ച് പിടിക്കാൻ വേണ്ട നടപടികൾ സ്വീകരിയ്ക്കുന്നതോടൊപ്പം പഞ്ചായത്തിലെ എല്ലാ ആസ്തികളും കണ്ടെത്തി ആയത് രജിസ്റ്ററിൽ ചേർത്ത് കാലികമാക്കേണ്ടതാണ്. ഈ വിഷയം ഗ്രാമസഭയിൽ ചർച്ച ചെയ്യുന്നത് പഞ്ചായത്ത് അധികാരികൾക്ക് നിശ്ചയമില്ലാത്ത ആസ്തികൾ കണ്ടെത്തുന്നതിന് പഞ്ചായത്തിന് സഹായകരമാകും.

## 3-9 ക്വോട്ട് ചെയ്ത തുകയേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 61/17 |
| പ്രോജക്ടിന്റെ പേര് | സെന്റ് ജോർജ്ജ് ചാപ്പൽ കിഴക്കേ അതിര് സബ് റോഡ് കാനയും നടപ്പാതയും |
| അടങ്കൽ | 7,98,000 രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ഇ.വി.പോളി |
| ടെണ്ടർ നിരക്ക് | 1% കുറവ് |
| കരാർ നമ്പർ | 26/AEE/LSGD/EDP/DHR/16-17 dt.17-02-2017 |

2016-17 വാർഷിക പദ്ധതിയിലുൾപ്പെട്ട ഈ പ്രവൃത്തിക്ക് ഇ-ടെണ്ടർ വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇ.വി.പോളിയുടെ 651836 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഈ പ്രവൃത്തിയിലെ 6-ാമത് ഇനമായ സപ്ലൈയിംഗ് ആന്റ് ഫിറ്റിംഗ് ടി.എം.ടി.ബാർ എന്ന ഇനം 4 ഒഴികെ മറ്റെല്ലാ ഇനത്തിനും എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കാണ് കരാറുകാരൻ ക്വോട്ട് ചെയ്തിരുന്നത് (ഇനം 4ൽ 0.53% കുറവുണ്ട്). 6-ാം ഇനത്തിന്റെ എസ്റ്റിമേറ്റ് നിരക്ക് 93367.27/ടൺ രൂപയും ക്വോട്ട് ചെയ്ത നിരക്ക് 8700/ടൺ രൂപയുമാണ്. ഈ പ്രവൃത്തിയുടെ വിവിധ ഇനങ്ങളുടെ ടെണ്ടർ നിരക്കുകളും ചെയ്ത പ്രവൃത്തിയുടെ വിവരവും താഴെ കൊടുക്കുന്നു.

| ക്രമ നം | എസ്റ്റിമേറ്റ് | | | | ചെയ്ത പ്രവൃത്തിയുടെ വിവരം | | |
|---|---|---|---|---|---|---|---|
| | ഇനം | അളവ് | നിരക്ക് | തുക | അളവ് | നിരക്ക് | തുക |
| 1 | E/W Exczvation | 83.09 | 225.64 | 18748 | 72.293 | 235 | 16989 |
| 2 | Providing PCC M10 | 34.971 | 6348.82 | 222025 | 10.710 | 6650 | 232557 |
| 3 | Providing PCC M15 | 17.865 | 7472.64 | 133499 | 17.865 | 7650 | 136667 |
| 4 | Providing PCC M20 | 14.085 | 7942.38 | 111868 | 14.085 | 7900 | 111271 |
| 5 | Providing RCC M20 | 12.030 | 8685.32 | 104484 | 12.030 | 8700 | 104661 |
| 6 | Supplying&FittingTMT | 1.623 | 93367.21 | 151535 | 1.623 | 87000 | 141201 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | Constructions of sub base | 23.10 | 1392.15 | 32159 | 23.10 | 1430 | 33033 |
| | TOTAL | | | 774318 | | | 776379 |

ഈ പ്രവൃത്തിയുടെ ആദ്യ മൂന്ന് ഇനങ്ങൾ 2016-17 വർഷം പൂർത്തീകരിക്കുകയും (രണ്ടാമത്തെ ഇനം 24.26M3 ₹.1,61,336/- മാത്രം) ആയതിന് താഴെ പറയും പ്രകാരം പാർട് പേയ്മെന്റ് നൽകുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 224879 |
| റീടെൻഷൻ @ 10% | 22488 |
| ആകെ | 202390 |
| വാറ്റ് 4% | 8096 |
| ക്ഷേമനിധി വിഹിതം | 2024 |
| ആദായനികുതി | 2014 |
| ട്രഷറി ബിൽ നം. 25/16-17 തീ.31.3.17 | 190246 |

2017-18 വർഷം ഈ പ്രവൃത്തിയുടെ ബാക്കി ഇനങ്ങൾ പൂർത്തീകരിക്കുകയും ആയതിന്റെ പാർട് ബിൽ തയ്യാറാക്കി ചെക്ക് മെഷർമെന്റിന് വേണ്ടി ഇടപ്പിള്ളി ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ ബില്ലിൽ ആറാമത്തെ ഇനത്തിന് കരാറുകാരൻ ക്വോട്ട് ചെയ്ത രൂ. 8700/ടൺ നിരക്കിന് പകരം 1.623 ടൺ അളവ് പ്രവൃത്തിക്ക് രൂ. 87000/ടൺ നിരക്ക് ഉൾപ്പെടുത്ത് 1,41,201/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് ഫൈനൽ ബിൽ തക 7,76,379/- രൂപയാണ്. ആറാമത്തെ ഇനം പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത രൂ.8700/ടൺ നിരക്കിൽ 1.623 ടൺ അളവിന് 14,120/- രൂപ മാത്രം അനുവദിക്കേണ്ടതിന് പകരം 1,41,201/- രൂപ അനുവദിച്ചിട്ടുള്ളതിനാൽ 1,27,081/- രൂപ കരാറുകാരന് അധികം നൽകാൻ ഇടയുണ്ട്. ക്വോട്ട് ചെയ്ത നിരക്കനുസരിച്ച് ഈ പ്രവൃത്തിയിൽ കരാറുകാരന് പരമാവധി 6,49,298/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. തൊട്ടടുത്ത കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടി.കെ.സലാമിന്റെ ഓഫർ 670538/- രൂപയുടേതാണ്. ഇ.വി.പോളി 6ാമത്തെ ഇനത്തിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് കൊണ്ട് മാത്രമാണ് അദ്ദേഹത്തിന് ഈ പ്രവൃത്തി ലഭിച്ചിട്ടുള്ളത്. ടി.കെ.സലാമിനെ ഈ പ്രവൃത്തി ഏൽപ്പിച്ചിരുന്നെങ്കിൽ 534908/- രൂപയേ അദ്ദേഹത്തിന് നൽകേണ്ടി വരുമായിരുന്നുള്ളൂ. ആയതിനാൽ അളവ് പുസ്തകത്തിൽ ആറാമത്തെ ഇനത്തിന് 8700/ടൺ മാത്രം അനുവദിച്ച് 6,49,298/- രൂപയായി ഇ.വി.പോളിയുടെ ഫൈനൽ ബിൽ തുക നിജപ്പെടുത്തേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇടപ്പിള്ളി ബ്ലോക്ക് | 2016-17 | 300,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുവന്ന | 2,83,375 | 16,625 |

| | | | | | |
|---|---|---|---|---|---|
| | | | വർക്ക് സ്കോളർഷിപ്പ് | | |
| പഞ്ചായത്ത് | | 70000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 70,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,83,375 | 16,625 |

.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7,825/- രൂപയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | ഉദ്യോഗപ്പേര് | രസീത് നമ്പർ / തീയതി |
|---|---|---|---|---|---|
| 2012-13 | 2.2.1(ഇ) | 250 | തിലക് ലാൽ | എൽ.ഡി.ക്ലാർക്ക് | 11608105131 26-10-2016 |
| 2013-14 | 2.2(1) | 1200 | മിറാജ് ഭാസ്കർ | എൻ.ആർ.ഇ.ജി. അക്കൗണ്ടന്റ് | 11608100385 12-04-2016 |

| | | | | | |
|---|---|---|---|---|---|
| ---"--- | ---"--- | 1200 | ജിജി ജോസി | എൻ.ആർ.ഇ.ജി. ഓവർസിയർ | 11680100186 12-04-2016 |
| ---"--- | ---"--- | 1200 | ലസ്സി കെ.ജെ. | ആംബുലൻസ് ഡ്രൈവർ | 11608101539 23-05-2016 |
| ---"--- | ---"--- | 1200 | രജു ജോർജ്ജ് | പഞ്ചായത്ത് വെഹിക്കിൾ ഡ്രൈവർ | 11608102800 12-07-2016 |
| ---"--- | 2.2 | 275 | ആൽബർട്ട് ജോർജ്ജ് | --- | 11608102805 13-07-2016 |
| ---"--- | 2.2.1(ബി) | 2500 | പർപ്പിൾ ഏജൻസീസ്, സൗത്ത് ചിറ്റൂർ | --- | 11608105415 04-11-2016 |
| ആകെ | | 7825 | | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 5 | 2003-04 | 3.7.10.1 | തെരുവു വിളക്കുകൾ വാങ്ങിയതിൽ സംഭവിച്ച നഷ്ടം | ഉത്തരവാദിയായ സെക്രട്ടറി എൽസമ്മ കൊയ്‌ലോയുടെ ഡി.സി.ആർ.ജി.-യിൽനിന്ന് 54,511/- രൂപ പിടിച്ചതായി പഞ്ചായത്തിൽ അറിയിപ്പ് വന്നെങ്കിലും, ടി തുക നാളിതു വരെ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,32,22,522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,23,26,506 |
| വരവിനങ്ങളിലുള്ള നഷ്ടം | 43,422 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,18,355 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 34,408 | - | ജയരാജ് പി.എം. സെക്രട്ടറി |
| 2-2 | 385 | - | ജയരാജ് പി.എം, സെക്രട്ടറി |
| | 1420 | | സാജൻ എം.ആർ, സെക്രട്ടറി |
| 2-3 | 4500 | | ജയരാജ് പി.എം., സെക്രട്ടറി |
| | 729 | | സാജൻ എം.ആർ., സെക്രട്ടറി |
| 2-4 | 2000 | | ജയരാജ് പി.എം., സെക്രട്ടറി |
| 3-1 | | 78273 | ജയരാജ് പി.എം.,സെക്രട്ടറി |
| | | 16502 | കെ.എച്ച്.റൂബീന, അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്ജ്) |
| | | 14718 | സാജൻ എം.ആർ., സെക്രട്ടറി |
| 3-2 | | 4524 | ജയരാജ് പി.എം., സെക്രട്ടറി |
| 3-5 | | 4,338 | ബിന്ദു പ്രസാദ് എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 43,442 | 1,18,355 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,950/- | ജയരാജ് പി.എം., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയരാജ് സെക്രട്ടറി | ആയവന ഗ്രാമപഞ്ചായത്ത്, | പാല്ലിയശ്ശേരി ഹൗസ്, പനമ്പ്കാട്, വല്ലാർപാടം (പി.ഒ.) |
| സാജൻ പി.ആർ. സെക്രട്ടറി | സെക്രട്ടറി,ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | മനയത്ത് വീട്, കെടാമംഗലം, വടക്കൻ പറവൂർ |
| കെ.എച്ച്.റുബീന, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ............. വീക്ഷണം റോഡ്, എറണാകുളം നോർത്ത് |
| ബിന്ദുപ്രസാദ്.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ , ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് | ആഞ്ഞിലി വേലിൽ Xth പീയൂസ് ലൈൻ , പി.ടി.ആർ.ആർ. എ , 53 ബി, പൊന്നുരുന്നി , വൈറ്റില |

# 4-9 തീർപ്പാക്കുവാൻ അവശേഷിപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി.3)982/98 തീയതി. 22.05.2000 |
| 1997-98 ചെലവ് | എൽ.എഫ്.ഇ.(പി.3)1061/98 തീയതി. 09.05.2000 |
| 1997-98 (വരവ്) | എൽ.എഫ്.ഇ.(പി.3)321/03 തീയതി. 19.07.2003 |
| 1998-99 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 07.01.2003 |
| 1999-00 | എൽ.എഫ്.ഇ.(പി.3)1654/03 തീയതി. 10.08.2004 |
| 2002-03 | എൽ.എഫ്.ഇ.(പി.3)729/05 തീയതി. 20.04.2006 |
| 2003-04 | എൽ.എഫ്.ഇ.(പി.3)561/02 തീയതി. 18.12.2008 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1887/10 തീയതി. 05.08.2011 |
| 2008-09 2010-11 2011-12 | എൽ.എഫ്.ഇ.(പി.8)1720/12 തീയതി. 08.01.2013 |
| 2012-13 | എൽ.എഫ്.ഇ.(പി.10)484/14 തീയതി. 20.05.2014 |
| 2013-14 | എൽ.എഫ്.ഇ.(പി.10)1525/2015 തീയതി.10.09.2015 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി10)881/2016 തീ. 07.06.2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.10)2016/16 തീ.13-12-116 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി10)1861/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട്–682030

ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 26.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.10)1861/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 29.09.2017

Certified that I have audited the Annual Financial Statement of CHERANALLUR Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of CHERANALLUR Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director